**കേരളസർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**
**ശാന്തി നഗർ, തിരുവനന്തപുരം- 695001**

## പത്രക്കുറിപ്പ്

**കീം 2022**

**പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള പ്രവേശനം 2022**

**വിമുക്ത ഭടന്മാരുടെയും സേവനത്തിനുള്ള ഭടന്മാരുടേയും ആശ്രിതർക്കുള്ള സംവരണം സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യുന്നതിനുള്ള അവസരം പിന്നീട് ലഭ്യമാക്കും**

06-04-2022 ലെ വിജ്ഞാപന പ്രകാരം 2022-23 അധ്യയന വർഷത്തെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള അപേക്ഷ സമർപ്പണം ആരംഭിച്ചു . 2021-22 അധ്യയന വർഷത്തെ വിവിധ കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റ് /പ്രവേശന നടപടികൾ ഇനിയും പൂർത്തിയാകാത്ത സാഹചര്യത്തിൽ വിമുക്ത ഭടന്മാർ/അവരുടെ മക്കൾ (XS), സേവനത്തിലുള്ള ഭടന്മാരുടെ മക്കൾ (SD), യുദ്ധത്തിൽ പങ്കെടുത്തപ്പോഴോ അല്ലാത്ത സമയത്തോ മരണപ്പെടുകയോ , കാണാതാവുകയോ, അംഗവൈകല്യം സംഭവിക്കുകയോ ചെയ്ത ഭടന്മാരുടെ മക്കൾ (DK) തുടങ്ങിയവർക്കായി സംവരണം ചെയ്തിട്ടുള്ള സീറ്റുകളിലേക്ക് അപേക്ഷിക്കുന്നതിനാവശ്യമായ Non Utilisation Certificate പ്രവേശന പരീക്ഷ കമ്മീഷണറുടെ വെബ്സൈറ്റിൽ 2021-22 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലേക്കുള്ള അലോട്ട്മെന്റ് കഴിഞ്ഞാലുടൻ ലഭ്യമാക്കുന്നതാണ്. ഇതിന്റെ തീയതി പിന്നീട് അറിയിക്കുന്നതാണ് . വിവിധ സംവരണ ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യുന്നതിന് 2022 മെയ് 10 വരെ സമയം അനുവദിച്ചിട്ടുണ്ട്.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
**12/04/2022**

Signature Not Verified
Digitally signed by INBASEKAR K IAS
Date: 2022.04.12 17:16:29 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**